ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 03.06.2025** **TIME: 07.25PM**

## പ്രധാന വാർത്തകൾ

1) മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തി. അങ്കമാലി- ശബരി റെയിൽപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ ധാരണ.

**CM Pinarayi Vijayan meets Union Minister Ashwini Vaishnaw in New Delhi; Green signal given to begin construction of Angamaly-Sabari rail line soon.**

2) വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അടുത്ത രണ്ടു ദിവസം കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മഴക്കെടുതി രൂക്ഷമായ സംസ്ഥാനങ്ങളിലെ സ്ഥിതിഗതികൾ പ്രധാനമന്ത്രി വിലയിരുത്തി.

**Heavy rain to continue in Northeast states for next two days: IMD; Prime Minister reviews flood situation in severely affected states.**

3) ഭീകരതയ്ക്കോ ആണവ ഭീഷണികൾക്കോ ഇന്ത്യയെ ഭയപ്പെടുത്താനാകില്ലെന്ന് സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ.

**Terrorism or nuclear threats can't intimidate India, says Chief of Defence Staff Anil Chauhan.**

4) ഐപിഎൽ ക്രിക്കറ്റ് കിരീട ജേതാക്കളെ ഇന്നറിയാം; ടോസ് നേടിയ പഞ്ചാബ് കിംഗ്സ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ബാറ്റിങ്ങിനയച്ചു.

**IPL champions to be decided today; Punjab Kings win toss, opt to bowl against Royal Challengers Bangalore.**

5) **രാജ്യത്തെ ഏറ്റവും മികച്ച കൃഷി വിജ്ഞാന കേന്ദ്രമായി ലക്ഷദ്വീപിനെ തിരഞ്ഞെടുത്ത് കേന്ദ്ര സർക്കാർ.**

**Lakshadweep selected as the best Krishi Vigyan Kendra in the country by Central Government.**

**&&&&&&&&&&&&&&**

## CM-ASWINIVAISHNAV

മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തി. റെയിൽ ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ മന്ത്രി വി അബ്ദുറഹിമാൻ, കേരള സർക്കാരിൻറെ ഡൽഹിയിലെ പ്രതിനിധി കെ വി തോമസ് എന്നിവർ സന്നിഹിതരായിരുന്നു. ശബരി റെയിൽ പാത, കെ റെയിൽ ഉൾപ്പെടെ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി നാളെ കൂടിക്കാഴ്ച നടത്തിയേക്കും.

**&&&&&&&&&&&&&&**

## V ABDURAHIMAN

അങ്കമാലി- ശബരി റെയിൽ പാതയ്ക്ക് അനുമതിയായെന്നും പ്രവൃത്തി ഉടൻ ആരംഭിക്കുമെന്നും മന്ത്രി വി അബ്ദുറഹ്മാൻ. അടുത്ത ദിവസം തന്നെ കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ സംഘം കേരളത്തിലെത്തും. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം. അങ്കമാലി മുതൽ എരുമേലി വരെ 111.48 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് 1997-98 റെയിൽവേ ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട പാത.

**&&&&&&&&&&&&&&**

## BALAGOPAL - SITARAMAN

കേരളത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിക്കുന്നതിൻറെ ഭാഗമായി ധനമന്ത്രി കെ.എൻ ബാലഗോപാൽ, കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനുമായി

ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം വെട്ടിക്കുറയ്ക്കരുതെന്ന ആവശ്യം മുന്നോട്ട് വച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷം ശ്രീ ബാലഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM - NORTHEAST FLOODS

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മഴയും വെള്ളപ്പൊക്കവും തുടരുന്ന പശ്ചാത്തലത്തിൽ അസ്സം,സിക്കിം മുഖ്യമന്ത്രിമാരുമായി സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ഥിഗതികൾ വിലയിരുത്തി. ദുരിതബാധിത സംസ്ഥാനങ്ങളിലെ സാഹചര്യങ്ങളിൽ ആശങ്ക രേഖപ്പെടുത്തിയ പ്രധാനമന്ത്രി ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും ഉറപ്പുനൽകി.

&&&&&&&&&&&&&&&&&&

## IMD-WEATHER

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അടുത്ത രണ്ടു ദിവസം കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അസം, മേഘാലയ, മിസോറാം, മണിപ്പൂർ, നാഗാലാൻഡ്, ത്രിപുര തുടങ്ങിയ ഇടങ്ങളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. അതിതീവ്ര മഴയും മണ്ണിടിച്ചിലും നാശം വിതച്ച സിക്കിമിൽ വ്യോമസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. മംഗൻ ജില്ലയിൽ ഉൾപ്പടെ കുടുങ്ങിക്കിടക്കുന്ന വിനോദസഞ്ചാരികളെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളും പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിലും ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. 7 ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&

## FM-DRI HQ (INTRO)

ഇന്ത്യയുടെ ദേശ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. ന്യൂഡൽഹിയിലെ ഡിആർഐ ആസ്ഥാനത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. കള്ളക്കടത്ത്, മയക്കുമരുന്ന് കടത്ത്, നിയമവിരുദ്ധ വ്യാപാരം തുടങ്ങിയ ഭീഷണികളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കുന്നതിലും ഡിആർഐയുടെ ഇടപെടൽ ശക്തമാണെന്ന് ശ്രീമതി നിർമലാ സീതാരാമൻ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## INDIA BLOC-MEET

പഹൽഗാം ആക്രമണത്തിന്റെയും ഓപ്പറേഷൻ സിന്ദൂറിന്റെയും പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ചേരണമെന്ന് ആവശ്യപ്പെട്ട് I N D I സഖ്യം. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് 16 രാഷ്ട്രീയ പാർട്ടികൾ പ്രധാനമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ നടന്ന I N D I A യോഗത്തിന് ശേഷം കോൺഗ്രസ് എംപി ദീപേന്ദർ സിംഗ് ഹൂഡ മാധ്യമങ്ങളോട് പറഞ്ഞു. ഭീകരാക്രമണത്തിനെതിരെ എല്ലാ പ്രതിപക്ഷ പാർട്ടികളും സായുധ സേനയ്ക്കും സർക്കാരിനും പൂർണ പിന്തുണ നല്കിയതായും ശ്രീ ദീപേന്ദർ സിംഗ് ഹൂഡ പറഞ്ഞു.

&&&&&&&&&&&&&&&

## Agniveer reservation

ഉത്തർപ്രദേശ് പോലീസ് സേനയിലെ വിവിധ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിൽ മുൻ അഗ്നിവീർ സൈനികർക്ക് 20 ശതമാനം സംവരണം നൽകാൻ തീരുമാനം. പോലീസ് കോൺസ്റ്റബിൾമാർ, പ്രൊവിൻഷ്യൽ ആംഡ് കോൺസ്റ്റാബുലറി, മൗണ്ട് പോലീസ്, ഫയർമാൻ എന്നീ തസ്തികകളിലാണ് സംവരണം. അഗ്നിവീർ

സൈനികർക്ക് സേവനാനന്തര തൊഴിൽ അവസരങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം.

**&&&&&&&&&&&&&&**

## PM- CHENAB

ജമ്മു കശ്മീരിലെ ചെനാബ് പാലം ഈ മാസം 6 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചതാണിത്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ പാലമായ ചെനാബ് പാലം, നവ ഇന്ത്യയുടെ ശക്തിയുടെയും വീക്ഷണങ്ങളുടെയും അഭിമാനകരമായ പ്രതീകമാണെന്ന് ശ്രീ ജിതേന്ദ്ര സിങ് പറഞ്ഞു. ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽവേ ലിങ്കിന്റെ ഭാഗമായ പാലം, ഏതു പ്രതികൂല കാലാവസ്ഥയെയും നേരിടാൻ കഴിയുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**&&&&&&&&&&&&&&**

## COVID - NATIONAL

രാജ്യത്ത് നിലവിൽ നാലായിരത്തിലേറെ പേർ കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിയുന്നതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. കേരളത്തിൽ 1,416 പേർക്കാണ് രോഗ ബാധ. കോവിഡ് ബാധിതരുടെ എണ്ണത്തിൽ മഹാരാഷ്ട്രയാണ് രണ്ടാം സ്ഥാനത്ത്. മഹാരാഷ്ട്രയിൽ കോവിഡ് വ്യാപനം കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. പകർച്ചപ്പനി ലക്ഷണവുമായി എത്തുന്നവരിൽ 5 ശതമാനം പേർക്ക് കോവിഡ് പരിശോധന നടത്തണമെന്ന് നിർദേശമുണ്ട്.

**&&&&&&&&&&&&&&**

## CDS- PAK

ഭീകരതയെയോ ആണവ ഭീഷണികളെയോ ഇന്ത്യ ഭയക്കില്ലെന്ന് സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ. ഭീകരവാദത്തെ പിന്തുണയ്ക്കുന്നതിൽ നിന്ന് പാക്കിസ്ഥാൻ പിന്തിരിയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സാവിത്രിഭായ് ഫൂലെ പൂനെ സർവകലാശാലയിൽ

സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു ശ്രീ അനിൽ ചൗഹാൻ. ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ സൈനിക നടപടികൾ മുൻകാലങ്ങളിലേക്കാൾ എത്രത്തോളം മുന്നേറിയെന്നതിന് തെളിവാണ് ഓപ്പറേഷൻ സിന്ദൂറെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&**

**ALL PARTY DELEGATION ( INTRO)**

ഓപ്പറേഷൻ സിന്ദൂറിന്റെ പാശ്ചാത്തലത്തിൽ ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി എം.പിമാരുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘങ്ങൾ വിദേശ പര്യടനം തുടരുന്നു. ഇന്ന് ന്യൂഡൽഹിയിൽ തിരിച്ചെത്തിയ ബിജെപി എംപി ബൈജയന്ത് പാണ്ടയുടെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘം വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തി. ഡിഎംകെ എംപി കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിലുള്ള സംഘവും ഇന്ന് തിരിച്ചെത്തി. തീവ്രവാദത്തിനെതിരെ പോരാടുന്നതിൽ എല്ലാ രാജ്യങ്ങളും ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ചതായി ശ്രീമതി കനിമൊഴി പറഞ്ഞു.

**( വോയിസ്....)**

**&&&&&&&&&&&&&&**

**NILAMBUR BYELECTION**

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയായി പി വി അൻവർ നൽകിയ നാമനിർദേശ പത്രിക തള്ളി. ഇതോടെ അൻവറിന് സ്വതന്ത്രനായി മത്സരിക്കേണ്ടിവരും. മറ്റന്നാൾ വരെയാണ് നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം. ഈമാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23ന് നടക്കും.

**&&&&&&&&&&&&&&**

## VIKSIT KRISHI SANKALP ABHIYAN

വികസിത കൃഷി സങ്കൽപ് അഭിയാൻ സംസ്ഥാനത്ത് തുടരുന്നു. പത്തനംതിട്ട ജില്ലയിൽ ഇന്ന് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൻ്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ ക്യാമ്പയിൻ നടന്നു. ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കർഷകരുമായി സംവദിച്ചു. ഈ മാസം 12 വരെയാണ് ക്യാമ്പയിൻ.

&&&&&&&&&&&&&&

## LAKSHADWEEP AGRICULTURE

രാജ്യത്തെ ഏറ്റവും മികച്ച കൃഷി വിജ്ഞാന കേന്ദ്രമായി ലക്ഷദ്വീപിനെ തിരഞ്ഞെടുത്തു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിലെ കടൽപായൽ കൃഷി, കൂടുമത്സ്യ കൃഷി, പഴം-പച്ചക്കറി കൃഷി പ്രോത്സാഹനം, ഓർഗാനിക് ടെറിടറി പദവി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് പുരസ്കാരത്തിന് അർഹമാക്കിയത്. നാളികേര വികസന രംഗത്തെ നൈപുണ്യ വികസന പരിപാടികളിലൂടെ ദ്വീപുവാസികൾക്കിടയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്.

&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ കിരീട ജേതാക്കളെ ഇന്നറിയാം; ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സ് പോരാട്ടം. ടോസ് നേടിയ പഞ്ചാബ് - ബെംഗളൂരുവിനെ ബാറ്റിങ്ങിനയച്ചു. കന്നിക്കിരീടം ലക്ഷ്യമിട്ടാണ് ശ്രേയസ് അയ്യർ നയിക്കുന്ന പഞ്ചാബും, രജത് പാട്ടിദാറിന്റെ നേതൃത്വത്തിലുള്ള ബെംഗളൂരുവും ഏറ്റുമുട്ടുന്നത്.

&&&&&&&&&&&&&&

## EVE INDONESIA OPEN

ജക്കാർത്തയിൽ നടക്കുന്ന ഇന്തോനേഷ്യ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി.വി സിന്ധു പ്രീ ക്വാർട്ടറിൽ കടന്നു. ജപ്പാന്റെ നൊസോമി ഒകുഹാരയെ പരാജയപ്പെടുത്തിയാണ് സിന്ധുവിന്റെ

പ്രീക്വാർട്ടർ പ്രവേശം. പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് റങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യവും ഇന്തോനേഷ്യൻ ടീമിനെ വീഴ്ത്തി പ്രീക്വാർട്ടറിൽ കടന്നു.

**&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&&&&&&&&&&&**